പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4339 — 24.10.2016 ൽ മറുപടിയ്ക്ക്

**ഭിന്നശേഷിക്കാർക്ക് ഐഡന്റിറ്റി കാർഡ്**

ചോദ്യം — മറുപടി

ശ്രീ.ടി.വി.ഇബ്രാഹിം — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മെഡിക്കൽ സംഘത്തിന്റെ പരിശോധനയ്ക്ക് ഹാജരായ ഭിന്നശേഷിക്കാർക്ക് ഐഡന്റിറ്റി കാർഡ് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) ഇല്ല. ഭിന്നശേഷിക്കാർക്കുള്ള തിരിച്ചറിയൽ കാർഡ് രണ്ടു രീതിയിലാണ് നൽകുന്നത്.<br>1. ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകൾ മുഖേന- ജില്ലാതലത്തിൽ പ്രാദേശികമായി സംഘടിപ്പിക്കുന്ന വൈകല്യ നിർണ്ണയ ക്യാമ്പുകൾ വഴി 90 ശതമാനം പേർക്കും തിരിച്ചറിയൽ കാർഡ് തത്സമയം വിതരണം ചെയ്തു വരുന്നു എന്നതിനാൽ കാലതാമസം ഉണ്ടാകുന്നില്ല.<br>2. കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ 100 ന്റെ ഗുണിതങ്ങളായി സി-ഡിറ്റിന് തിരിച്ചറിയൽ കാർഡ് പ്രിന്റ് ചെയ്യുന്നതിനായി അയച്ചു കൊടുക്കുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുമ്പോൾ ഒരു മാസത്തോളം കാത്തിരിക്കേണ്ട സ്ഥിതിയുണ്ട്. |
| (ബി) ഐ. ഡി. കാർഡ് വിതരണത്തിന് വേണ്ടി സി.ഡിറ്റുമായി ഒപ്പു വെച്ച കരാർ നിലവിലുണ്ടോ;<br><br>(സി) ഇല്ലെങ്കിൽ കരാർ പുതുക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി)<br>(സി) } നിലവിലുണ്ട്. പുതുക്കിയ കരാറിന്റെ കാലാവധി 4.8.2016 മുതൽ 31.3.2017 വരെയാണ്. |

സെക്ഷൻ ഓഫീസർ